പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2812 — 21.06.2012 - ൽ മറുപടിക്ക്

## ചിപ്പൻചിറ ഇരുമ്പ് പാലം പുനർനിർമ്മിക്കുന്ന പ്രവൃത്തികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കോലിയക്കോട് എൻ.കൃഷ്ണൻ നായർ | ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് (മരാമത്ത് വകുപ്പുമന്ത്രി) |

(എ) ചിപ്പൻചിറ ഇരുമ്പ് പാലം പുനർനിർമ്മിക്കുന്ന പ്രവൃത്തികൾ ഏതുവരെയായി എന്ന് പറയാമോ ;

(ബി) നിലവിൽ എന്തെല്ലാം തടസ്സങ്ങളാണ് പ്രസ്തുത പാലം നിർമ്മാണവുമായി ബന്ധപ്പെട്ടുള്ളത് ;

(സി) അവ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്നും വ്യക്തമാക്കുമോ ?

(എ) (ബി) & (സി) ചിപ്പൻചിറ ഇരുമ്പുപാലം നിർമ്മാണത്തിന് 03/09/2010 -ൽ ശ്രീ.ജോസ് തോമസ് എന്ന കരാറുകാരൻ കരാർ ഏറ്റെടുത്തു. 18 മാസമാണ് നിർമ്മാണ കാലാവധി. തുടർന്ന് കരാറുകാരൻ പാലം നിർമ്മാണത്തിനായുള്ള സൈറ്റ് ക്ലിയറിംഗ് പ്രവർത്തനങ്ങൾ ആരംഭിച്ചപ്പോൾ, പാലം നിർമ്മിക്കേണ്ടുന്ന പുഴയും നിർമ്മാണത്തിനാവശ്യമായ സ്ഥലവും വനം വകുപ്പിന്റേതാണെന്ന് പറഞ്ഞ് കരാർ പ്രകാരം ആരംഭിച്ച പണി വനം വകുപ്പ് തടഞ്ഞു വച്ചു. പണി തടഞ്ഞു വയ്പിച്ച സാഹചര്യ -ത്തിൽ വന ഭൂമി പാലം നിർമ്മാണ -ത്തിനായി വിട്ടുകിട്ടുന്നതിനുള്ള അപേക്ഷ 31.12.2010 -ൽ വനം വകുപ്പിന് സമർപ്പിച്ചു. 26.09.2011-ൽ

ഫോറസ്റ്റ് ആന്റ് വൈൽഡ് ലൈഫ് ഡിപ്പാർട്ട്മെന്റി -ന്റെ ജി.ഒ.(ആർ.റ്റി) നമ്പർ 427/2011 ഉത്തരവ് പ്രകാരം ആറ് നിബന്ധനകൾക്ക് വിധേയമായി 0.14 ഹെക്ടർ വനഭൂമി പാലം നിർമ്മാണത്തിനായി ലഭ്യമാക്കിയിട്ടുണ്ട്. സ്ഥലം ലഭ്യമായ വിവരം കരാറുകാരനെ അറിയിച്ചെങ്കിലും നിലവിലുള്ള കരാർ പ്രകാരം പാലം പണിയാൻ കഴിയില്ലെന്നും പുതുക്കിയ ഷെഡ്യൂൾ ഓഫ് റേറ്റും അതിന്റെ എക്സസും കിട്ടിയാലേ പണി ചെയ്യാൻ കഴിയുകയുള്ളൂ എന്നും കരാറുകാരൻ അറിയിച്ചു. ഇതു പ്രകാരം പുതുക്കിയ ഷെഡ്യൂൾ ഓഫ് റേറ്റ് അടിസ്ഥാനമാക്കി സമർപ്പിച്ച 530 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സർക്കാരിന്റെ പരിഗണനയിലാണ്.

Salitha

സെക്ഷൻ ഓഫീസർ